# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2245 — 04.11.2019 - ൽ മറുപടിക്ക്.

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി.**<br>**,, പാറക്കൽ അബ്ദുല്ല**<br>**ഡോ.എം.കെ. മുനീർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കടകളിലൂടെ പുഴുവരിച്ചതും മോശമായതുമായ സാധനങ്ങൾ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** അപൂർവ്വമായാണെങ്കിലും ചില സന്ദർഭങ്ങളിൽ മോശപ്പെട്ട ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽ വന്നിട്ടുള്ള എല്ലാ കേസുകൾക്കും പരിഹാരവും ഉണ്ടാക്കിയിട്ടുണ്ട്. |
| **(ബി)** റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | **(ബി)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ച് സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യം എഫ്.സി.ഐ.യിൽ നിന്നും അരിമില്ലുകളിൽ നിന്നും വിട്ടെടുത്ത് എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ സൂക്ഷിച്ച് റേഷൻ കടകളിൽ വാതിൽപ്പടി വിതരണം വരെയുള്ള പ്രവർത്തികൾ നടപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ നോഡൽ ഏജൻസിയായി ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പ വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേയ്ക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പ് വരുത്തുന്നതിന് |

നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധന ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും എ.ആർ.ഡി. കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| **(സി)** ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം റേഷൻ വിതരണം നിരീക്ഷിക്കാനും പരിശോധിക്കാനും അധികാരമുള്ള ഭക്ഷ്യ കമ്മീഷന്റെ ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റോടെയാണോ ഭക്ഷ്യസാധനങ്ങൾ വിതരണംചെയ്യുന്നത്; അറിയിക്കാമോ? | **(സി)** ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷനു നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**